

23-09-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേനെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 –425 –1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. കാർഷിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും രണ്ടു കോടി രൂപ വരെ മൂന്ന് ശതമാനം (3%) പലിശ ഇളവോടുകൂടി ഈട് രഹിത വായ്പാ ലഭിക്കുന്നതിനു അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം), 917010994083 (ഇടുക്കി, എറണാകുളം), 918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

3. തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന രണ്ട് മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് സെപ്റ്റംബർ 28, 29 തീയതികളിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പാറശ്ശാല, നെടുമങ്ങാട് എന്നീ ബ്ലോക്കുകളിലാണ് നിയമനം. വെറ്ററിനറി സർജൻ തസ്തികയിലേയ്ക്ക് ഇന്റർവ്യൂ സെപ്റ്റംബർ 28 ന് രാവിലെ 10 മണി മുതലും പാരാവെറ്റ് തസ്തികയിലേയ്ക്ക് ഇന്റർവ്യൂ സെപ്റ്റംബർ 28 ന് ഉച്ചയ്ക്ക് 2 മണി മുതലും ഡ്രൈവർ കം അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ഇന്റർവ്യൂ സെപ്റ്റംബർ 29 ന് രാവിലെ 10 മണി മുതലും നടക്കും. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുമായി തമ്പാനൂർ എസ്.എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണം. https://ksvc.kerala.gov.in എന്ന കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ വെബ് സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2330736** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരളസർക്കാർ റബ്ബർബോർഡിന്റെ സഹകരണത്തോടെ റബ്ബറിന് കിലോഗ്രാമിന് 170 രൂപ വില ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയുടെ എട്ടാമത്തെ ഘട്ടം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ പ്രയോജനം പരമാവധി നേടിയെടുക്കുന്നതിന് കർഷകർ ഷീറ്റുറബ്ബർനിർമ്മാണത്തിലേക്ക് തിരിയണമെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. റബ്ബർപാൽ വിപണനം ചെയ്യുന്നവർക്ക് ഷീറ്റുനിർമ്മാണത്തിന് ആവശ്യമായി വരുന്ന 9 രൂപ കുറച്ച് 161 രൂപയായിരിക്കും പദ്ധതി പ്രകാരം ഉറപ്പുവരുത്തുക. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് 2022 നവംബർ 30 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവയോടൊപ്പം ആധാർ കാർഡ്, പാൻ കാർഡ്, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ് എന്നിവയിൽ ഏതിന്റെയെങ്കിലും കോപ്പിയും ഹാജരാക്കണം. പദ്ധതിയിൽ നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ളവർ സ്ഥലത്തിന്റെ തന്നാണ്ട് കരമടച്ചതിന്റെ രസീത് ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുതായി പദ്ധതിയിൽ ചേരുന്നവരുടെ, 2022 ജൂലൈ 01 മുതലുള്ള പർച്ചേസ്/സെയിൽസ് ബില്ലുകൾ മാത്രമേ സഹായധനത്തിന്

പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായോ **0481 2576622** എന്ന റബ്ബർബോർഡ് കോൾ സെന്റർ ഫോൺ നമ്പരുമായോ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ ഇന്ന് (സെപ്റ്റംബർ 23) വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **വെങ്ങാനൂർ** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് **കൂൺ കൃഷി**യിലും നാളെ **നഴ്സറി പരിപാലനത്തി**ലും പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 01.04.22 ൽ 35 വയസ്സിനു താഴെ പ്രായമുള്ള അഗ്രികൾച്ചർ / ബയോളജി /ബോട്ടണി വിഷയങ്ങളിൽ പ്ലസ് ടു /വി എച്ച് എസ് ഇ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ബാച്ചിൽ ഇരുപത് പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4500 രൂപ യാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500 രൂപ സ്റ്റൈപ്പൻന്റോടുകൂടി മൂന്നുമാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിങ്ങും നൽകുന്നതാണ് . അപേക്ഷാ ഫോമും പ്രോസ്പെക്ടസും ഒക്ടോബർ ഒന്ന് (1.10.2022) വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4. 30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ മൂന്ന് (03.10.2022) വൈകിട്ട് 5:00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **0471 2413739,**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**9383470293,**

**9383470294** എന്നീ ഫോൺ നമ്പറുകളിലോ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറി കൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം 695 582 എന്ന മേൽവിലാസത്തിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

9. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 30 വൈകുന്നേരം 5 മണി വരെയാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേരെ പങ്കെടുപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് **0471-2501706, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യുക.

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 27-ന് (സെപ്റ്റംബർ 27) രാവിലെ 10 മണി മുതൽ 4 മണി വരെ **നായ പിടുത്തത്തിൽ** പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുളളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "**ലാഭകരമായ കോഴി വളർത്തൽ**" എന്ന വിഷയത്തിൽ സെപ്തംബർ 30 -ന് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. കോഴി വളർത്തൽ, അസുഖങ്ങൾ, ചികിത്സ രീതികൾ, പ്രോബയോട്ടിക്കുകൾ, കൂടുനിർമ്മാണം, തീറ്റക്രമം, വാക്സിനേഷൻ എന്നീ വിഷയങ്ങൾ ഇതിൽ കൈകാര്യം ചെയ്യുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവൃത്തി സമയങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.